**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 39** **23-02-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ ലോണുകളിലെ തിരിച്ചടവിന് സാവകാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സഹകരണ സംഘങ്ങൾ വഴി നൽകിയിട്ടുള്ള വിവിധ ലോണുകൾക്ക് തിരിച്ചടവിൽ സാവകാശം അനുവദിക്കുവാൻ നടപടി ഉണ്ടാകുമോ; | (എ) | നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. സംസ്ഥാനത്ത് കോവിഡ് 19 രോഗബാധ ഉണ്ടായതിനെ തുടർന്ന് വിവിധ മേഖലകളിൽ കനത്ത സാമ്പത്തിക പ്രതിസന്ധി ഉണ്ടായ പശ്ചാത്തലത്തിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിർദ്ദേശ പ്രകാരം എല്ലാ സഹകരണ സ്ഥാപനങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള എല്ലാവിധ വായ്പകൾക്കും 01/03/2020 മുതൽ 31/08/2020 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന സഹകരണ ബാങ്കു വഴി റിസർവ് ബാങ്ക് നിബന്ധനകൾക്ക് വിധേയമായി അർഹമായ വായ്പകൾക്ക് മോറട്ടോറിയം റീസ്ട്രക്ച്ചറിംഗ് എന്നിവ 2021 ഡിസംബർ മാസം വരെ അനുവദിച്ചു നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ മുതലായ സ്ഥാപനത്തിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ, വിദ്യാഭ്യാസ വായ്പ, ക്ഷീരവികസനവും, മൃഗ സംരക്ഷണവും ഉൾപ്പെടെയുള്ള എല്ലാ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 2021 ഡിസംബർ 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | സാമ്പത്തിക മാന്ദ്യം നേരിടാൻ സഹകരണ സ്ഥാപനങ്ങൾ വഴി കൂടുതൽ ലോണുകൾ അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സാമ്പത്തിക മാന്ദ്യം നേരിടാൻ കേരള സംസ്ഥാന സഹകരണ ബാങ്ക് വഴി വ്യക്തികളുടെ വരുമാന വർദ്ധനവിനായി വിവിധ തരത്തിലുള്ള വായ്പകൾ നിലവിൽ അനുവദിയ്ക്കുന്നുണ്ട്. കൂടാതെ സംരംഭങ്ങൾ തുടങ്ങുന്നതിനും, പുനരുജ്ജീവിപ്പിയ്ക്കുന്നതിനും വായ്പകൾ അനുവദിയ്ക്കുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും വിവിധ സാമ്പത്തിക പാക്കേജുകൾ പ്രയോജനപ്പെടുത്തി MSME, കാർഷിക വായ്പ, |

| | | | |
|---|---|---|---|
| | | | കാർഷിക അനുബന്ധ വായ്പകൾ എന്നിവയും നൽകി വരുന്നു. ഇതിനുപുറമേ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി വിവിധ തരത്തിലുള്ള വായ്പ എടുത്തിട്ടുള്ളവർക്ക് വായ്പ തുകയുടെ 25% വരെ പുതിയ വായ്പയായി (കോവിഡ് സുരക്ഷ) അനുവദിയ്ക്കുന്നു. കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് NABARD ൽ നിന്നും പുനർ വായ്പ ലഭിയ്ക്കുന്നത് അനുസരിച്ചാണ് വായ്പ വിതരണം ചെയ്യുന്നത്. പുനർ വായ്പ ലഭിയ്ക്കുന്നതിന് അനുസരിച്ച് കൂടുതൽ ലോണുകൾ അനുവദിയ്ക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ